**രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2023-24**

**സാമൂഹ്യശാസ്ത്രം X**

**ഉത്തരസൂചിക**

**COLIN JOSE .E**
**DR.AMMR GOVT HSS, KATTELA**
**THIRUVANANTHAPURAM**

**BIJU. M**
**GHSS PARAPPA**
**KASARGOD**

| Qn no | ഉത്തര സൂചിക | Score |
|---|---|---|
| **1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം** | | |
| **1** | **വിശ്വഭാരതി സർവകലാശാലയുടെ സ്ഥാപകൻ:**<br>a) രവീന്ദ്രനാഥ ടാഗോർ | **1** |
| **2** | **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന നികുതി:**<br>d)വസ്തുനികുതി | **1** |
| **3** | **ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് കാരണമായ നിയമം:**<br>b)റൗലറ്റ് ആക്ട് | **1** |
| **4** | **രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പിതാവ്:**<br>a)അരിസ്റ്റോട്ടിൽ | **1** |
| **5** | **ഡൂണുകൾ കാണപ്പെടുന്ന ഹിമാലയൻ നിര:**<br>b)സിവാലിക് | **1** |
| **6 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം** | | |
| **6** | **സാമൂഹ്യ പരിഷ്കരണത്തിൽ രാജാറാം മോഹൻ റോയിയുടെ പങ്ക്:**<br>• ജാതി വ്യവസ്ഥയെ എതിർത്തു<br>• സതി എന്ന ദുരാചാരത്തെ എതിർത്തു<br>• ബ്രഹ്മസമാജം സ്ഥാപിച്ചു<br>• ഒരൊറ്റ ഇന്ത്യ എന്ന ആശയം പ്രചരിപ്പിച്ചു | **3** |
| **7** | **പൗരത്വം:**<br>ഒരു രാജ്യത്തെ പൂർണ്ണവും തുല്ല്യവുമായ അംഗത്വമാണ് പൗരത്വം.<br>• സ്വാഭാവിക പൗരത്വം<br>• ആർജിത പൗരത്വം | **3** |
| **8** | **കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങൾ:**<br>• ഭൂപ്രദേശത്തിന്റെ ഉയരം.<br>• ചരിവിന്റെ അളവ്.<br>• ഭൂരൂപത്തിന്റെ ആകൃതി | **3** |
| **9** | a) ചൈനീസ് വിപ്ലവം<br>b) ഫ്രഞ്ച് വിപ്ലവം | **3** |

| | | |
|---|---|---|
| | c) അമേരിക്കൻ സ്വാതന്ത്ര്യ സമരം | |
| **10** | **നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ സർദാർ വല്ലഭ് ഭായ് പട്ടേലിന്റെ പങ്ക്:**<br>• കേന്ദ്ര മന്ത്രിസഭയിൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭ് ഭായി പട്ടേലിനായിരുന്നു<br>• അദ്ദേഹം സ്റ്റേറ്റ് ഡിപ്പാർട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി .പി. മേനോനെ നിയമിച്ചു<br>• ഒരു ലയനക്കരാർ തയ്യാറാക്കി<br>• അതനുസരിച്ച് വിദേശകാര്യം, വാർത്താവിനിമയം, പ്രതിരോധം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം<br>• ജനകീയപ്രതിഷേധങ്ങളും ഗവണ്മെന്റിന്റെ പ്രായോഗികസമീപനവുംമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പ് വച്ചു | **3** |
| **11** | **വസന്തകാലം:**<br>• മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തൽ വസന്തകാലം<br>• ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം<br>• ചെടികൾ തളിർക്കുന്നതും പുഷ്പിക്കുന്നതും മാവു പൂക്കുന്നതും പ്ലാവുകളിൽ ചക്കയുണ്ടാകുന്നതും ഈ കാലത്തിന്റെ സവിശേഷതയാണ് | **3** |
| **12** | **a)സ്റ്റീരിയോ പെയർ**<br>• ഓവർലാപ്പോട്ടുകൂടിയ ഒരു ജോഡി ആകാശിയെ ചിത്രങ്ങൾ<br>**b)സ്റ്റീരിയോ സ്കോപ്പ്**<br>• ഓവർലാപ്പോട്ടുകൂടിയ ആകാശിയെ ചിത്രങ്ങളിൽ നിന്നും ത്രിമാന ദൃശ്യം ലഭിക്കാൻ ഉപയോഗിക്കുന്ന ഉപകരണം<br>**c)ഓവർലാപ്പ്**<br>• ഓരോ ആകാശിയെ ചിത്രത്തിലും തൊട്ടുമുമ്പ് ചിത്രീകരിച്ച പ്രദേശത്തിന്റെ ഏകദേശം 60% ത്തോളം ഭാഗം കൂടി പകർത്തിയെടുക്കുന്ന രീതി | **3** |
| **13** | **വേഴ്സായി സന്ധിയിലെ പ്രധാന വ്യവസ്ഥകൾ:**<br>• ജർമ്മനിയുടെ കോളനികൾ മുഴുവൻ സഖ്യകക്ഷികൾ വീതിച്ചെടുത്തു<br>• യുദ്ധനഷ്ടപരിഹാരമായി വൻതുക ജർമ്മനി നൽകേണ്ടിവന്നു<br>• സമ്പന്നമായ ഖനിപ്രദേശങ്ങൾ സഖ്യകക്ഷികൾ കൈക്കലാക്കി<br>• യുദ്ധക്കുറ്റം ജർമ്മനിയുടെമേൽ ചുമത്തി.<br>• ജർമനിയെ നിരായുധീകരിച്ചു | **3** |
| **14** | **ചക്രവാതങ്ങൾ:**<br>• അന്തരീക്ഷത്തിൽ ഒരു ന്യൂനമർദ്ദപ്രദേശവും അതിനുചുറ്റുമായി ഉച്ചമർദവും സൃഷ്ടിക്കപ്പെടുന്നത് ചക്രവാതങ്ങൾ രൂപംകൊള്ളുന്നതിന് കാരണമാകുന്നു<br>• ന്യൂനമർദകേന്ദ്രത്തിലേക്ക് ചുറ്റുമുള്ള ഉച്ചമർദ്ദപ്രദേശങ്ങളിൽ നിന്നും അതിശക്തമായി കാറ്റ് ചുഴറ്റിവീശുന്നു<br>• ഉത്തരാർദ്ധഗോളത്തിലെ ചക്രവാതങ്ങളിൽ കാറ്റ് എതിർഘടികാരദിശയിൽ വീശുന്നു<br>• ദക്ഷിണാർദ്ധഗോളത്തിൽ ഇത് ഘടികാരദിശയിലാണ് | **3** |

| | | |
|---|---|---|
| 15 | **ദേശീയബോധം വളർത്തുന്നതിൽ വർത്തമാന പത്രങ്ങളുടെ പങ്ക്:**<br>• ഇന്ത്യയുടെ ഓരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തലിനെയും മർദ്ദക ഭരണത്തെയും കൂട്ടക്കൊലയും കുറിച്ച് ജനങ്ങൾക്ക് വിവരം നൽകി<br>• സാമൂഹിക പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി<br>• ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്ക് എതിരായും പ്രതിഷേധിക്കാനും പ്രതികരിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു<br>• ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും, ജനാധിപത്യത്തിനും, സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി<br>• ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി<br>• പ്ലേഗ്, ക്ഷാമം എന്നിവ മൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു | 3 |
| **16 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം** | | |
| 16 | **ഗാന്ധിജി മുന്നോട്ട് വച്ച നിർമ്മാണ പ്രവർത്തനങ്ങൾ**<br>• തദ്ദേശീയമായ ഉത്പന്നങ്ങൾ നിർമ്മിച്ചു<br>• ചർക്കയിൽ നൂൽ നൂറ്റ് ഖാദിവസ്ത്രങ്ങൾ നെയ്തു<br>• ദേശിയ വിദ്യാലയങ്ങൾ ആരംഭിച്ചു<br>• ഹിന്ദി പ്രചരിപ്പിച്ചു | 4 |
| 17 | **A** — **B**<br>ദിനബന്ധു മിത്ര — നീൽദർപ്പൺ<br>ബങ്കിം ചന്ദ്ര ചാറ്റർജി — ആനന്ദമഠം<br>നന്ദലാൽ ബോസ് — ഗ്രാമീണ ചെണ്ടക്കാരൻ<br>അബനീന്ദ്രനാഥ ടാഗോർ — ഭാരതമാതാ | 4 |
| 18 | **a)സംയോജിത ശിശു വികസന സേവന പരിപാടി (ICDS):**<br>• 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്ര വികസനം<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം<br>**b)സമഗ്രശിക്ഷാ അഭിയാൻ (SSA):**<br>• സാർവത്രിക വിദ്യാഭ്യാസം ഹയർസെക്കൻണ്ടറി വരെ ഉറപ്പുവരുത്തുക<br>• തുല്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക<br>• തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക<br>• S C E R T/D I E T തുടങ്ങിയ അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക | 4 |
| 19 | **1857 ലെ വിപ്ലവത്തിന്റെ കാരണങ്ങൾ:**<br>**രാജാക്കന്മാരുടെ പ്രശ്നങ്ങൾ**<br>• ദത്തവകാശനോരോധന നയം<br>• ദുർഭരണം ആരോപിച്ച് ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങൾ പിടിച്ചെടുത്തത്<br>**ശിപായിമാരുടെ ദുരിതങ്ങൾ**<br>• തുച്ഛമായ ശമ്പളം<br>• ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽനിന്നു നേരിട്ട അവഹേളനം | 4 |

| | | |
|---|---|---|
| | • സൈനികർക്ക് പുതുതായി നൽകിയ തോക്കുകളിൽ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണ് ഉപയോഗിക്കുന്നതെന്ന പ്രചാരണം<br>• ഇത് ഹിന്ദുക്കളും മുസ്ലിംകളുമായ സൈനികരുടെ മതവികാരത്തെ വ്രണപ്പെടുത്തി<br>• പുതിയതിരകൾ ഉപയോഗിക്കാൻ വിസമ്മതിച്ച ശിപായിമാരെ ബ്രിട്ടീഷ് മേധാവികൾ ശിക്ഷിച്ചു | |
| **20** | **നികുതിയേതര വരുമാന മാർഗങ്ങൾ:**<br><br>**ഫീസ്** – • സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഈടാക്കുന്നത്. • ഉദാ: ലൈസൻസ് ഫീസ്,രജിസ്ട്രേഷൻ ഫീസ്,ട്യൂഷൻ ഫീസ്<br>**ലാഭം** – • സർക്കാർ നടത്തുന്ന സംരംഭങ്ങളിൽ നിന്നുള്ള വരുമാനം • ഉദാ; ഇന്ത്യൻ റെയിൽവേയിൽ നിന്നുള്ള ലാഭം<br>**ഗ്രാന്റ്** – • ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായം. • ഉദാ;കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സർക്കാരുകൾക്ക് ഗ്രാന്റുകൾ നൽകുന്നത്<br>**ഫൈനുകളും പെനാൽറ്റികളും** – • നിയമം ലംഘിക്കുന്നതിന് നൽകുന്ന ശിക്ഷ • ഉദാ;ഹെൽമറ്റില്ലാതെ വണ്ടിഓടിക്കുമ്പോൾ പിഴ ഈടാക്കുന്നത്<br>**പലിശ** – • സർക്കാർ വിവിധ സംരംഭങ്ങൾക്കും ഏജൻസികൾക്കും രാജ്യങ്ങൾക്കും നൽകുന്ന വായ്പകൾക്ക് പലിശ ലഭിക്കുന്നു<br><br>**(Any 4)** | **4** |
| **21** | **ഉത്തരപർവത മേഖലയുടെ പ്രാധാന്യം:**<br>• പുരാതനകാലം മുതൽ തന്നെ വടക്കുപടിഞ്ഞാറനിന്നുള്ള വൈദേശിക ആക്രമണങ്ങളിൽ നിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിച്ചു പോരുന്നു<br>• മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു<br>• ശൈത്യകാലത്ത് വടക്കുനിന്നു വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു<br>• വൈവിധ്യമാർന്ന സസ്യ ജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി<br>• നദികളുടെ ഉത്ഭവ പ്രദേശം | **4** |
| **22** | **പൗരബോധ രൂപീകരണത്തിൽ കുടുംബത്തിന്റെ പങ്ക്:**<br>• മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിൽ ഏർപ്പെടാനും കുടുംബത്തിൽ നിന്നും പഠിക്കുന്നു.<br>• അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു. | |

| | | |
|---|---|---|
| | • കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും ഉന്നതമായ പൗരബോധം വളർത്തുന്നു.<br>**പൗരബോധ രൂപീകരണത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്:**<br>• വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.<br>• മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്നു.<br>• ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം.<br>• മൂല്യാധിഷ്ഠിത വിദ്യഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും. | **4** |
| **23** | **നിർബന്ധിതമായ ചുമതലകൾ**<br>• അതിർത്തി സംരക്ഷണം<br>• നീതി നടപ്പാക്കൽ<br>• ആഭ്യന്തരസമാധാനം<br>• അവകാശസംരക്ഷണം<br><br>**വിവേചനപരമായ ചുമതലകൾ**<br>• ആരോഗ്യ സംരക്ഷണം നൽകുക<br>• ക്ഷേമപദ്ധതികൾ നടപ്പാക്കുക<br>• വിദ്യാഭ്യാസ സൗകര്യം ഒരുക്കുക<br>• ഗതാഗതസൗകര്യം ഒരുക്കുക | **4** |
| **24** | **ഭൂവിവരവ്യവസ്ഥ (GIS)- പ്രയോജനങ്ങൾ:**<br>• വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്<br>• പലവിവരങ്ങളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്<br>• ഭൂപടങ്ങൾ , പട്ടികകൾ , ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന്<br>• വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കാനും കൂട്ടിച്ചേർക്കാനും<br>• ഭൂതലസവിശേഷതകളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന് | **4** |
| **25** | i. കോട്ട<br>ii. 837352<br>iii. 8535<br>iv. ലൈറ്റ് ഹൗസ് | **4** |
| **26** | **ധനനയം:**<br>• പൊതുവരുമാനം,പൊതുചെലവ്,പൊതുകടം എന്നിവയെക്കുറിച്ചുള്ള സർക്കാർ നയമാണ് ധനനയം<br>**ലക്ഷ്യങ്ങൾ**<br>• സാമ്പത്തികസ്ഥിരത കൈവരിക്കുക<br>• തൊഴിലവസരങ്ങൾ സൃഷ്ടിക്കുക<br>• അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക | **4** |
| | **27 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ** | |
| **27** | **വിദൂരസംവേദനം:**<br>• ഒരു വസ്തുവിനെയോ പ്രദേശത്തെയോ പ്രതിഭാസത്തെയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ | |

| | | |
|---|---|---|
| | ശേഖരിക്കുന്ന രീതിയാണ് വിദൂരസംവേദനം<br>**ഭൂതലഛായാഗ്രാഹണം**<br>ഭൂതലത്തിൽനിന്നോ അതിന്റെ ഉയർന്ന തലങ്ങളിൽ നിന്നോ ക്യാമറ ഉപയോഗിച്ച് ഭൗമോപരിതലത്തിന്റെ ചിത്രങ്ങളെടുക്കുന്ന രീതി.<br>**ആകാശീയ വിദൂരസംവേദനം**<br>ബലൂണുകളിലോ വിമാനങ്ങളിലോ ഉറപ്പിച്ചിട്ടുള്ള ക്യാമറയുടെ സഹായത്താൽ ആകാശത്തുനിന്നും ഭൂതലത്തിന്റെ ചിത്രങ്ങൾ തുടർച്ചയായി എടുക്കുന്ന പ്രക്രിയ.<br>**ഉപഗ്രഹ വിദൂരസംവേദനം**<br>കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സംവേദകങ്ങൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയ. | **5** |
| **28** | **ധരാതലീയ ഭൂപടങ്ങൾ:**<br>പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വളരെ സൂക്ഷ്മമായി ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ധരാതലീയ ഭൂപടങ്ങൾ<br>**പ്രാഥമികവിവരങ്ങൾ**<br>• ധരാതലീയ ഭൂപടങ്ങളിലെ മാർജിനുകൾക്ക് പുറത്ത് ഭൂപടങ്ങളെ സംബന്ധിച്ച് നൽകിയിരിക്കുന്ന പൊതുവിവരങ്ങൾ<br>• ഉദാ:ഭൂപടത്തിന്റെ നമ്പർ,പ്രദേശത്തിന്റെ പേര്, ഭൂപടതോത്, കോണ്ടൂർ ഇടവേള<br>**സാംസ്കാരിക സവിശേഷതകൾ**<br>• ധരാതലീയ ഭൂപടങ്ങളിലെ മനുഷ്യനിർമിത സവിശേഷതകൾ<br>• പാർപ്പിടങ്ങൾ, വിവിധതരം റോഡുകൾ, അതിർത്തികൾ,ആരാധനാലയങ്ങൾ, കൃഷിയിടങ്ങൾ, പോസ്റ്റ് ഓഫീസ് ,പോലീസ് സ്റ്റേഷൻ, പാലം, കിണർ, കുഴൽകിണർ മുതലായവ | **5** |
| | **29 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ** | |
| **29** | **സ്വരാജ് പാർട്ടി (1923)**<br>• സി.ആർ.ദാസ്,മോത്തിലാൽ നെഹ്റു എന്നിവർ സ്വരാജ് പാർട്ടിക്ക് രൂപം നൽകി<br>• നിയമനിർമ്മാണ സഭകളെ ബഹിഷ്കരിക്കുകയല്ല മറിച്ച് പോരാട്ടത്തിനും ബദൽ അഭിപ്രായത്തിനുമുള്ള വേദികൾ ആക്കണം എന്ന് അവർ ആവശ്യപ്പെട്ടു<br>**ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപബ്ലിക്കൻ അസോസിയേഷൻ (1928)**<br>• ഭഗത് സിങ്, ചന്ദ്രശേഖർ ആസാദ്, രാജ്ഗുരു, സുഖ്ദേവ് തുടങ്ങിയവർ നേതൃത്വം നൽകി<br>• സായുധ വിപ്ലവത്തിനായി ഇവർ റിപ്പബ്ലിക്കൻ ആർമി എന്ന് സേനാവിഭാഗം ആരംഭിച്ചു<br>• കോളനി ഭരണം അട്ടിമറിക്കുകയും ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക് സ്ഥാപിക്കുന്നതിന് സായുധ വിപ്ലവം സംഘടിപ്പിക്കുകയുമായിരുന്നു ഇവരുടെ ലക്ഷ്യം<br>**ഇന്ത്യൻ നാഷണൽ ആർമി (INA)**<br>• റാഷ് ബീഹാരി ബോസ് രൂപീകരിച്ചു<br>• സുഭാഷ് ചന്ദ്ര ബോസ് നേതൃത്വം നൽകി<br>• സിംഗപ്പൂരിൽ വെച്ച് സ്വതന്ത്ര ഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെൻറ് | **6** |

| | | | |
|---|---|---|---|
| | രൂപീകരിച്ചു<br>• ഇംഫാലിൽ ദേശീയ പതാക ഉയർത്തി | | |
| **30** | <u>**സാമ്പത്തിക മേഖല**</u><br>• 1951 ൽ പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു<br>• വിദേശ സഹായത്തോടെ ഇരുമ്പുരുക്ക് വ്യവസായങ്ങൾ ആരംഭിച്ചു.<br>• വൺകിട അണക്കെട്ടുകൾ നിർമ്മിച്ചു (ഭക്രാനംഗൽ).<br>• 1950 ൽ ദേശീയ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു.<br>• പൊതുമേലക്ക് പ്രാധാന്യമുള്ള മിശ്ര സമ്പത്ത് വ്യവസ്ഥ സ്വീകരിച്ചു<br><u>**ബഹിരാകാശ ദൗത്യം**</u><br>• 1962 ൽ ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപികരിച്ചു<br>• 1969 ൽ ഐ .എസ് .ആർ. ഒ രൂപികരിച്ചു<br>• തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചു<br>• 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിക്ഷേപിച്ചു<br>• ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യമായ ചന്ദ്രയാന് 2008 ൽ തുടക്കം കുറിച്ചു<br>• ഇന്ത്യയുടെ ചൊവ്വ ദൗത്യമാണ് മംഗൾയാൻ | **6** | |


***COLIN JOSE.E***

***DR.AMMR GOVT HSS KATTELA***

***THIRUVANATHAPURAM***

***BIJU.M***

***GHSS PARAPPA***

***KASARGOD***